I/86229/2023

**വനിത ശിശുവികസന ഡയറക്ടറുടെ നടപടി ക്രമങ്ങൾ**
**(ഹാജർ.ശ്രീമതി.പ്രിയങ്ക.ജി, ഐ.എ.എസ്)**

വിഷയം:- വനിതാ ശിശു വികസന വകുപ്പ് – അങ്കണവാടി സർവ്വീസസ്(ജനറൽ) പദ്ധതി - ഐ.സി.ഡി.എസ് പ്രോജക്ടുകൾ, പ്രോഗ്രാം ഓഫീസുകൾ എന്നിവിടങ്ങളിലെ POL ചാർജ്ജസ്, കരാർ വാഹനങ്ങളുടെ വാടക – തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1.സ.ഉ (സാധാ) നം. 382/2022/വശിവിവ തിയതി: 24.08.2022
2.ഈ കാര്യാലയത്തിലെ 25.8.2022 ലെ DWCD/833/2022/ICDS-A1 നമ്പർ ഉത്തരവ്.
3. ഈ കാര്യാലയത്തിലെ 29.08.2022 ലെ DWCD/3911/2022/ICDS-D1 നമ്പർ ഉത്തരവ്.
4.ഈ കാര്യാലയത്തിലെ 03.11.2022 ലെ DWCD/5183/2022/ICDS-A1 നമ്പർ ഉത്തരവ്.
5.ജില്ലാ വനിത ശിശുവികസന ഓഫീസർമാരിൽ നിന്നും ലഭ്യമായിട്ടുള്ള വിവിധ തിയതികളിലെ കത്തുകൾ.

**ഉത്തരവ് നം. DWCD/5183/2022-ICDSA1 തീയതി: 15-03-2023**

കേന്ദ്രാവിഷ്കൃത പദ്ധതിയായ അങ്കണവാടി സർവ്വീസസ് ജനറൽ പദ്ധതി PFMS, SNA മുഖേന നടപ്പിലാക്കുന്നതിന്റെ ഭാഗമായി എല്ലാ പ്രോജക്ട് ഓഫീസുകളിലും എല്ലാ പ്രോഗ്രാം ഓഫീസുകളിലും സബ്സിഡിയറി സീറോ ബാലൻസ് അക്കൗണ്ട് അരംഭിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം പദ്ധതി നടത്തിപ്പിനായി ലഭ്യമായ കേന്ദ്ര സംസ്ഥാന വിഹിതം തുകകൾ വനിത ശിശുവികസന ഡയറക്ടറുടെ പേരിൽ കേരള ഗ്രാമീൺ ബാങ്കിൽ ആരംഭിച്ചിട്ടുള്ള 40341101052949 (IFS CODE KLGB0040341) എന്ന SNA അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് അനുമതി നൽകി പരാമർശം(2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

പ്രസ്തുത തുകയിൽ നിന്നും സ്വന്തം വാഹനമുള്ള ICDS പ്രോജക്ടുകളിലേയും, പ്രോഗ്രാം ഓഫീസുകളിലെയും ഇന്ധനചെലവും, കരാർ വാഹന വാടകയും 2022 മാർച്ച് മുതൽ ഡിസംബർ വരെയുള്ള 10 മാസകാലയളവിലേക്ക് നൽകുന്നതിന് 3,22,32,998/- രൂപ പരാമർശം (3), (4) പ്രകാരം അതാത് ജില്ലാ വനിത ശിശുവികസന ഓഫീസർമാർക്ക് അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

2023 ജനുവരി മുതൽ 2023 മാർച്ച് വരെയുള്ള POL ചാർജ്ജിനും 2023 ജനുവരി മുതൽ 2023 ഫെബ്രുവരി വരെയുള്ള കരാർ വാഹനവാടകയുമായി സ്വന്തം വാഹനമുള്ള ഐ.സി.ഡി.എസ് പ്രോജക്ടുകൾക്കും പ്രോഗ്രാം ഓഫീസുകൾക്കും കൂടി ആകെ 20,44,715/- രൂപ (ഇരുപത് ലക്ഷത്തി നാൽപ്പത്തി നാലായിരത്തി എഴുന്നൂറ്റി പതിനഞ്ച് രൂപ മാത്രം)

അനുവദിച്ച് നൽകുന്നതിന് പരാമർശം (5) പ്രകാരം ജില്ലാ വനിത ശിശുവികസന ഓഫീസർമാർ അഭ്യർത്ഥിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ സ്വന്തം വാഹനമുള്ള ICDS പ്രോജക്ടുകളിലേയും പ്രോഗ്രാം ഓഫീസുകളിലെയും 2023 ജനുവരി മുതൽ 2023 മാർച്ച് വരെയുള്ള POL ചാർജ്ജിനും, 2023 ജനുവരി മുതൽ 2023 ഫെബ്രുവരി വരെയുള്ള കരാർ വാഹന വാടകയ്ക്കുമായി 20,44,715/- രൂപ (ഇരുപത് ലക്ഷത്തി നാൽപ്പത്തി നാലായിരത്തി എഴുന്നൂറ്റി പതിനഞ്ച് രൂപ മാത്രം) ചുവടെ ചേർത്തിട്ടുള്ള പട്ടിക പ്രകാരം അതാത് ജില്ലാ വനിത ശിശുവികസന ഓഫീസർമാർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

ഐ.സി.ഡി.എസ് പ്രോജക്ടുകൾക്ക് അനുവദിക്കുന്ന തുക

| ക്രമ നം | ജില്ല | POL ചാർജ്ജസ്(സ്വന്തം വാഹനങ്ങൾക്ക്) | കരാർ വാഹന വാടക | ആകെ |
|---|---|---|---|---|
| 1. | ആലപ്പുഴ | 0 | 53987 | 53987 |
| 2. | ഇടുക്കി | 0 | 299942 | 299942 |
| 3. | തൃശ്ശൂർ | 0 | 280922 | 280922 |
| 4. | മലപ്പുറം | 0 | 547849 | 547849 |
| 5. | കോഴിക്കോട് | 43750 | 404500 | 448250 |
| 6. | വയനാട് | 53000 | 250565 | 303565 |
| | **ആകെ** | **96,750** | **18,37,765** | **19,34,515** |

പ്രോഗ്രാം ഓഫീസുകൾക്ക് അനുവദിക്കുന്ന തുക

| ക്രമ നം | ജില്ല | POL ചാർജ്ജസ്(സ്വന്തം വാഹനങ്ങൾക്ക്) | കരാർ വാഹന വാടക | ആകെ |
|---|---|---|---|---|
| 1. | ആലപ്പുഴ | 20000 | 0 | 20000 |
| 2. | തൃശ്ശൂർ | 0 | 47276 | 47276 |
| 3. | വയനാട് | 0 | 42924 | 42924 |
| | **ആകെ** | **20,000** | **90,200** | **1,10,200** |

ICDS പ്രോജക്ടുകൾക്കാവശ്യമായ 19,34,515/- രൂപയും, പ്രോഗ്രാം ഓഫീസുകൾക്കാവശ്യമായ 1,10,200/- രൂപയും ചേർത്ത് ആകെ 20,44,715/- രൂപ (ഇരുപത് ലക്ഷത്തി നാൽപ്പത്തി നാലായിരത്തി എഴുന്നൂറ്റി പതിനഞ്ച് രൂപ മാത്രം) വനിത ശിശുവികസന ഡയറക്ടറുടെ പേരിൽ കേരള ഗ്രാമീൺ ബാങ്കിൽ ആരംഭിച്ചിട്ടുള്ള 40341101052949 (IFS CODE

I/86229/2023

KLGB0040341) എന്ന SNA അക്കൗണ്ടിൽ നിന്നും അതാത് ജില്ലാ വനിത ശിശുവികസന ഓഫീസർക്ക് PFMS മുഖേന ലിമിറ്റ് സെറ്റ് ചെയ്ത് നൽകേണ്ടതാണ്.

ഈ തുക PFMS ൽ രജിസ്റ്റർ ചെയ്തിട്ടുള്ള hiring for vehicles /petros, oil & lubricant of vehicles എന്ന കമ്പോണന്റിൽ നിന്നും ചെലവഴിക്കേണ്ടതാണ്. ജില്ലാ വനിത ശിശുവികസന ഓഫീസർമാർ അവരവരുടെ കീഴിലുള്ള ശിശുവികസന പദ്ധതി ഓഫീസർമാർക്കും പ്രോഗ്രാം ഓഫീസർമാർക്കും ആവശ്യമായ തുക PFMS മുഖേന ലിമിറ്റ് സെറ്റ് ചെയ്ത് നൽകേണ്ടതും, തുക PFMS മുഖേന ചെലവഴിക്കപ്പെടുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

പരാമർശം (3), (4) പ്രകാരം ജില്ലാ വനിത ശിശുവികസന ഓഫീസർമാർക്ക് ലിമിറ്റ് സെറ്റ് ചെയ്ത് അനുവദിച്ചിട്ടുള്ള തുകയിൽ ബാലൻസ് നിലനിൽക്കുന്നതായും, ആകയാൽ അധിക തുക ആവശ്യമില്ല എന്ന് അറിയിച്ചിട്ടുള്ളതുമായ ജില്ലകൾ ബാലൻസായി നിലനിൽക്കുന്ന തുക 2023 ജനുവരി മുതൽ 2023 മാർച്ച് വരെയുള്ള POL ചാർജ്ജിനും 2023 ജനുവരി മുതൽ ഫെബ്രുവരി വരെയുള്ള കരാർ വാഹന വാടകയ്ക്കുമായി ഐ.സി.ഡി.എസ് പ്രോജക്ടുകൾ, പ്രോഗ്രാം ഓഫീസുകൾ എന്നിവയുടെ ആവശ്യകതയ്ക്കനുസരിച്ച് അനുവദിക്കേണ്ടതാണ്. നടപ്പ് സാമ്പത്തിക വർഷാവസാനം കരാർ വാഹന വാടകയ്ക്കും, POL ചാർജ്ജിനുമായി ആകെ വിനിയോഗിച്ച തുകയുടെ യു.സി, ചെലവ് വിവര പട്ടിക എന്നിവ തരം തിരിച്ച് ലഭ്യമാക്കേണ്ടതുമാണ്.

(ഒപ്പ്)
വനിത ശിശു വികസന ഡയറക്ടർ

എല്ലാ ജില്ലാ വനിത ശിശു വികസന
ഓഫീസർമാർക്കും

പകർപ്പ് :

1.എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
2.എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും
3.സൂപ്രണ്ട്, അക്കൗണ്ട് സെക്ഷൻ
4.സ്റ്റോക്ക് ഫയൽ/സ്പെയർ

Signed by Priyanka G
Date: 15-03-2023 03:19:21